കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് - ശമ്പളപരിഷ്കരണം 2019 - സൈനികക്ഷേമ വകുപ്പ് - അസിസ്റ്റന്റ് ഡയറക്ടർ / അസിസ്റ്റന്റ് ജില്ലാ സൈനികക്ഷേമ ഓഫീസർ തസ്തികയുടെ റേഷ്യോ പ്രൊമോഷനുള്ള അനുപാതം രേഖപ്പെടുത്തിയ Footnote ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================

**ധനകാര്യ (അനോമലി റെക്ടിഫിക്കേഷൻ സെൽ) വകുപ്പ്**

**സ.ഉ.(കൈ) നം. 134/2024/(68)/ധന.** **തീയതി, തിരുവനന്തപുരം, 09/10/2024**

===================================================================

**പരാമർശം:-** 1) സ.ഉ.(അച്ചടി) നം. 27/2021/ധന. തീയതി 10.02.2021
2) സ.ഉ.(അച്ചടി) നം. 7/2016/ധന. തീയതി 20.01.2016
3) സൈനികക്ഷേമ ഡയറക്ടറുടെ 03.06.2024 തീയതിയിലെ ഡി.എസ്.ഡബ്ല്യൂ/382/2022-എ 1 നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളവും അലവൻസുകളും 01.07.2019 മുതൽ പരിഷ്കരിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. അതിൽ സൈനികക്ഷേമ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ / അസിസ്റ്റന്റ് ജില്ലാ സൈനികക്ഷേമ ഓഫീസർ തസ്തികയും ആയതിന്റെ ഹയർഗ്രേഡ് തസ്തികയും ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഹയർഗ്രേഡ് തസ്തികയിലേയ്ക്ക് റേഷ്യോ പ്രൊമോഷനുള്ള അനുപാതം / ശതമാനം പരാമർശിച്ചിട്ടില്ല. പരാമർശം (2) പ്രകാരം നിലവിലുണ്ടായിരുന്ന അസിസ്റ്റന്റ് ഡയറക്ടർ / അസിസ്റ്റന്റ് ജില്ലാ സൈനികക്ഷേമ ഓഫീസർ തസ്തികയ്ക്കുള്ള 1/3 ഹയർഗ്രേഡ് ആനുകൂല്യം പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സൈനികക്ഷേമ ഡയറക്ടർ പരാമർശം (3) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

2) സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിലെ സൈനിക ക്ഷേമ വകുപ്പിന്റെ ഷെഡ്യൂളിനു താഴെ "അസിസ്റ്റന്റ് ഡയറക്ടർ / അസിസ്റ്റന്റ് ജില്ലാ സൈനിക ക്ഷേമ ഓഫീസർ തസ്തികയുടെ 1/3rd posts will be in Higher Grade " എന്ന foot note കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) പരാമർശം (1) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
**അഹമ്മദ് കബീർ. വൈ**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
സെക്രട്ടറി, സൈനികക്ഷേമ വകുപ്പ്
സൈനികക്ഷേമ ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ചീഫ് പ്രോജക്ട് മാനേജർ, സ്പാർക്ക് പി.എം.യു
വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി **(E-2833701)**

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ